(സി) മൂവായിരം വാഹനങ്ങൾവരെ ദിവസവും കടന്നുപോകുന്ന ചെക്ക്പോസ്റ്റുകളിൽ പരിശോധനയ്ക്കായി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്നിഫർ ഡോഗുകളുടെ സ്ക്വാഡുകൾ രൂപീകരിക്കുവാനും മറ്റ് ആധുനിക യന്ത്രങ്ങൾ ഉപയോഗിക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പന്തളം പഞ്ചായത്തിലെ വ്യാജ ചാരായ ഉൽപാദനം തടയുന്നതിനുള്ള നടപടി

108 [1911] ശ്രീ. കെ. കെ. ഷാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനത്തെ തുടർന്ന് പന്തളം പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വ്യാപകമായ വ്യാജ ചാരായം ഉൽപാദിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഫലപ്രദമായി തടയുന്നതിന് പന്തളത്ത് പുതിയ ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വ്യാജ ചാരായ വേട്ടയ്ക്ക് നേരത്തെ എക്സൈസ് റേഞ്ച് ഓഫീസുകളിൽ ഉണ്ടായിരുന്ന 20 ഗാർഡുമാരുടെ തസ്തിക പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നവീകരണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പന്തളത്ത് പുതിയ ഒരു എക്സൈസ് റെയിഞ്ച് ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വ്യാജ ചാരായം ഉൽപാദിപ്പിക്കുന്ന സ്ഥലങ്ങളിൽ നിരന്തരമായി റെയിഡുകളും പരിശോധനകളും നടത്തുകയും പതിനായിരക്കണക്കിന് ലിറ്റർ കോടയും വാറ്റുപകരണങ്ങളും പിടിച്ചെടുക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഗാർഡുമാരുടെ എണ്ണം 14 മുതൽ 21 വരെയായി നിജപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി തൃശ്ശൂരിൽ എക്സൈസ് അക്കാഡമിയുടെ കെട്ടിടങ്ങളുടെയും അനുബന്ധ സജ്ജീകരണങ്ങളുടെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ സ്ഥാപിക്കുകയുണ്ടായി. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽവരെയുള്ളവർക്ക് മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ ആഫീസുകളും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുകയും കാസർഗോഡ്, വയനാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വയർലെസ് സെറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് വ്യക്തി വികാസ പരിശീലനങ്ങളും കമ്പ്യൂട്ടർ ട്രെയിനിങ്ങുകളും നൽകി വരുന്നു.

ചാരായ നിരോധനം പിൻവലിക്കുന്ന നടപടിയും വ്യാജവാറ്റും മദ്യദുരന്തങ്ങളും

109 [1912] ശ്രീ. ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചാരായ നിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് പ്രതിവർഷം എത്ര തുകയുടെ നഷ്ടമാണ് ഖജനാവിന് ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനുശേഷം സംസ്ഥാനത്ത് എത്ര മദ്യദുരന്തങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ചാരായനിരോധനം ഏർപ്പെടുത്തിയശേഷം സംസ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ എന്ത് വ്യത്യാസമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ചാരായ നിരോധനം ഫലപ്രദമല്ല എന്നത് പരിഗണിച്ച് ഈ നിരോധനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാരായ നിരോധനത്തിന്ശേഷം തുടർന്നുള്ള വർഷങ്ങളിൽ ചാരായത്തിൽനിന്നുള്ള വരുമാനം ഇല്ലാതായിട്ടുണ്ടെങ്കിലും കള്ള്, വിദേശമദ്യം എന്നിവയിൽനിന്നുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ചാരായ നിരോധനം മൂലം പ്രതിവർഷം എത്ര തുകയുടെ നഷ്ടം ഖജനാവിന് ഉണ്ടായിട്ടുണ്ടെന്ന് പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) 13 മദ്യദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ദുരന്തങ്ങളിൽ 54 പേർ മരിച്ചിട്ടുണ്ട്.

(സി) മദ്യം ഉപയോഗിക്കുന്നവരുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly